**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 306** **17.10.2016 ൽ മറുപടിയ്ക്ക്**

**ടെക്നോളജി ഇന്നവേഷൻ മേഖല**

| | ചോദ്യം<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | ടെക്നോളജി ഇന്നവേഷൻ മേഖലയിൽ ആയിരം നൂതന ആശയങ്ങളെ പിന്തുണയ്ക്കുന്ന പുതിയ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | അഞ്ച് വർഷത്തിനുള്ളിൽ 1500 സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിന് 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പദ്ധതി ആവിഷ്കരിച്ചിരുന്നു. നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതം പ്രോത്സാഹനവും ഇവയിൽ തിരഞ്ഞെടുത്തവയ്ക്ക് 1 കോടി രൂപ വീതം ഈടില്ലാത്ത വായ്പയും ലഭ്യമാക്കുന്നതിനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ സ്റ്റാർട്ട് അപ്പുകൾക്ക് 50 കോടി രൂപ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖാന്തിരം ചെലവഴിക്കാവുന്നതുമാണ്. പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ എഫ് സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ധന വകുപ്പിന് ലഭ്യമാക്കുകയും ധന വകുപ്പ് ആയത് പരിശോധിച്ച് വരികയും ചെയ്യുന്നു. |
| (ബി) | എങ്കിൽ അതിനുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണ്; | | |
| (സി) | ഓരോ നൂതന ആശയങ്ങൾക്കും എന്ത് തുക ധനസഹായം നൽകുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ